ഉത്തരം

മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയരുകവഴി വനങ്ങൾക്കും വനവിഭവങ്ങൾക്കും ഉണ്ടാകാവുന്ന ദോഷങ്ങൾ ചൂണ്ടിക്കാണിച്ച് ദേശീയ ഹരിത ട്രൈബ്യൂണലിൽ ഹർജി സമർപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഈ വിഷയം കേന്ദ്ര/ തമിഴ്നാട് സർക്കാരുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഉയർത്തുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

302 (2177) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136 അടിയിൽ നിന്നും 142 അടിവരെയായി ഉയർത്തുന്നതുമൂലം വെള്ളത്തിനടിയിലാവുന്ന വനഭൂമിയിൽ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങൾ ഉൾപ്പെടുമോ ; ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശങ്ങളുടെ വിസ്തീർണ്ണം എത്രയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മുല്ലപ്പെരിയാർ കേസിന്റെ ഏതെങ്കിലും ഘട്ടങ്ങളിൽ വനം വകുപ്പ് കക്ഷിയാവുകയോ വനഭൂമിക്കും പരിസ്ഥിതിക്കും ഉണ്ടാവുന്ന നാശം സുപ്രീം കോടതിയെയോ സർക്കാരിനെയോ അറിയിക്കുകയോ ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) മുല്ലപ്പെരിയാറിൽ ജലനിരപ്പുയരുന്നത് പ്രദേശത്ത് മാത്രം കാണപ്പെടുന്ന ഏതെങ്കിലും സസ്യജാലങ്ങളുടേയോ ജന്തുജാലങ്ങളുടേയോ വംശനാശത്തിനു കാരണമാവും എന്ന് വനം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) മുല്ലപ്പെരിയാറിൽ ജലനിരപ്പുയരുന്നതുമൂലം വലിയൊരളവ് വനപ്രദേശത്തിനും അവിടുത്തെ സസ്യ-ജന്തു ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയ്ക്കും ഉണ്ടാവുന്ന ആഘാതത്തെ സംബന്ധിച്ച് വനം വകുപ്പ് പഠനം നടത്തിയിട്ടുണ്ടോയെന്നും ഇതുസംബന്ധിച്ച വസ്തുതകൾ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉൾപ്പെടും. പ്രസ്തുത പ്രദേശങ്ങളുടെ വിസ്തീർണ്ണം 568 ഹെക്ടർ ആണ്.

(ബി) മുല്ലപ്പെരിയാർ കേസ്സിൽ അസ്സൽ വ്യവഹാരം 3/2006-ൽ കേരള സംസ്ഥാനവും, തമിഴ്നാട് സംസ്ഥാനവും ആണ് കക്ഷികൾ. വനം വകുപ്പ് നേരിട്ട് കക്ഷി ചേർന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) ബഹുമാനപ്പെട്ട സുപ്രീം കോടതിയിലേക്ക് ട്രാൻസ്ഫർ ചെയ്ത കേസുകളിൽ കേരളത്തിന്റെ വാദങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി തയ്യാറാക്കിയ "Environmental and Social Impact Assessment of increasing the water level at Periyar lake in Periyar Tiger Reserve from 136 ft to 152 ft" എന്ന പഠന റിപ്പോർട്ട് എക്സിബിറ്റ് ആയി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്നു.

തീപ്പെട്ടി കമ്പനികളുടെ സംരക്ഷണം

303 (2178) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു പ്രവർത്തിക്കുന്ന ആയിരത്തി അഞ്ഞൂറോളം വരുന്ന തീപ്പെട്ടി കമ്പനികളിൽ അവശേഷിക്കുന്ന 400-ൽത്താഴെ കമ്പനികൾക്കാവശ്യമായ പെരുമരം (മട്ടിമരം) ലഭ്യമല്ലാത്തതിനാൽ ഈ ഫാക്ടറികൾ പൂട്ടൽ ഭീഷണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, തീപ്പെട്ടിക്കമ്പനികൾക്ക് അവശ്യം വേണ്ട അസംസ്കൃതവസ്തുവായ മട്ടിയുടെ ലഭ്യതക്കുറവു പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) നിലവിൽ പൂട്ടിക്കിടക്കുന്ന തീപ്പെട്ടിക്കമ്പനികളിൽ പണിയെടുത്തിരുന്ന ഇരുപതിനായിരത്തോളം വരുന്ന ബി.പി.എൽ. കുടുംബാംഗങ്ങൾക്കും, ഇപ്പോൾ പൂട്ടൽഭീഷണി നേരിടുന്ന കമ്പനികളിലെ പതിനായിരത്തോളം വരുന്ന തൊഴിലാളികൾക്കും തൊഴിൽ സംരക്ഷണം ഏർപ്പെടുത്തുമോ ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനം വകുപ്പുമന്ത്രിതലത്തിൽ 27-8-2006-ലും, 19-9-2008-ലും കൂടിയ ഉന്നതതലയോഗത്തിലെടുത്ത തീരുമാനപ്രകാരം മട്ടി, പാല എന്നീ മരങ്ങൾ അവശ്യസാധനനിയന്ത്രണ നിയമത്തിൽ ഉൾപ്പെടുത്തണമെന്നുള്ള തീരുമാനം നടപ്പാക്കിയിട്ടുണ്ടോ ;

(ഇ) ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സംരക്ഷണം) 4-5-2010-ലെ പ്രോ(4)2849/2008 കത്തു പ്രകാരം പാല, മട്ടി എന്നീ ഇനം മരങ്ങൾ 1986-ലെ കേരള അവശ്യസാധന നിയന്ത്രണനിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നുള്ള ശിപാർശ അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly